## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 33 — 18.03.2013-ൽ മറുപടിയ്ക്ക്

### പ്രതിരോധ വകുപ്പ് മന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

| | ചോദ്യം<br>ശ്രീ. കെ. കെ. നാരായണൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുഖ്യമന്ത്രി, കേന്ദ്ര പ്രതിരോധവകുപ്പു മന്ത്രിയെ ഡൽഹിയിൽ എത്ര തവണ സന്ദർശിച്ചു : ഇതിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ളവ എത്ര : | (എ) | 04-03-2013-ൽ ഡൽഹിയിൽ സന്ദർശിച്ച് നിവേദനം നൽകിയിരുന്നു. ഇത് ഔദ്യോഗിക ആവശ്യത്തിനായിരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ സന്ദർശന വേളയിൽ ഉന്നയിക്കുകയുണ്ടായി: ഉന്നയിക്കപ്പെട്ട ഏതെല്ലാം ആവശ്യങ്ങളിൽ അദ്ദേഹത്തിന്റെ പ്രത്യേക ഇടപെടൽ മൂലം സംസ്ഥാനത്തിനു നേട്ടമുണ്ടായി ; വ്യക്തമാക്കാമോ : | (ബി)<br>&<br>(സി) | സൊമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയിലകപ്പെട്ട ഇൻഡ്യക്കാരെ രക്ഷപ്പെടുത്തുന്നതിനുള്ള സഹായം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഇൻ ഡിഫൻസ് ഷിപ്പ് ബിൽഡിംഗ് (നിർദ്ദേശ്) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കേരളത്തിൽ ആരംഭിക്കുക, എയർ ഫോഴ്സിന് തിരുവനന്തപുരത്ത് ഭൂമി നൽകിയതിനുള്ള തുക നൽകുക, കേരളത്തിലെ ഗതാഗത-ഗാർഹിക-ഊർജ്ജ മേഖലകളിൽ പ്രകൃതിവാതകം അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉൾപ്പെട്ട നിവേദനമാണ് പ്രതിരോധ വകുപ്പ് മന്ത്രിക്ക് മുഖ്യമന്ത്രി നൽകിയത്. ആവശ്യങ്ങൾക്കെല്ലാം അനുഭാവപൂർവ്വമായ ഉറപ്പു ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രതിരോധ വകുപ്പിൽ നിന്നുമുള്ള എന്തെല്ലാം പുതിയ ആവശ്യങ്ങൾ മുഖ്യമന്ത്രി ഉന്നയിക്കുകയുണ്ടായി; അവയിൽ അംഗീകരിച്ച് നടപ്പിലാക്കിയവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ